ഇന്നോളം കണ്ടിട്ടില്ല. 'ഗാന്ധി'ഫിലിം കണ്ടിട്ടുണ്ട്; പക്ഷേ, വീഡിയോവിലാണ്. സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഒരു സുഹൃത്ത് തന്നെ നിർബന്ധിച്ച് സിനിമ കാണിക്കാൻ കൊണ്ടുപോയി. തിയേററിൽ വിളക്ക് അണയേണ്ട താമസം, താൻ എഴുന്നേററു പുറത്തേക്കോടി. വ്യഭിചരിക്കുന്നതുപോലെ നികൃഷ്ടമായ ഒരു കർമമാണ് സിനിമ കാണൽ!

മനുസ്മൃതിയിൽ ജാതിവ്യവസ്ഥയ്ക്ക് അനുകൂലമായിക്കാണുന്ന ഭാഗങ്ങളെല്ലാം പിന്നീട് ആരോ അതിൽ കുത്തിത്തിരുകിയതാണെന്ന് രാജനാരായണൻ കരുതുന്നു. 'ഡോക്ടർ അംബേഡ്കർ മനുസ്മൃതി കീറിക്കളയുകയുണ്ടായില്ലേ?' എന്ന ചോദ്യത്തിന്, 'എഴുതിയതു് എന്തും കീറിക്കളയുന്നതിനു് എതിരാണു ഞാൻ' എന്നായിരുന്നു രാജ്നാരായണന്റെ മറുപടി.

രാജനാരായണൻ മതവിശ്വാസിയാണ്. രാത്രി രണ്ടു മണിക്ക് എഴുന്നേല്ക്കും. നാലുമണിവരെ ഗണപതിയേയും ഹനുമാനേയും പൂജിക്കും. പിന്നെ രണ്ടുമണിക്കൂർകൂടി ഉറങ്ങും. നാലു ശങ്കരാചാര്യന്മാരും കള്ള വേഷക്കാരാണ്; 'സർക്കാർസന്ന്യാസി'മാരാണ് എന്ന് രാജനാരായണൻ പ്രഖ്യാപിച്ചു. അവരേക്കാളൊക്കെ ഭക്തനാണു താൻ. തന്നെ സംബന്ധിച്ചിടത്തോളം, താത്കാലികമതമാണ് രാഷ്ട്രീയം; ദീർഘകാലികരാഷ്ട്രീയമാണു മതം!

'മനു ദി ഗ്രേയ്ററി'ൽ രാജനാരായണൻ ഒരു പാട്ടുപാടുന്നുമുണ്ട്. നടൻ മാത്രമല്ല ഗായകൻകൂടിയാണ് ഈ നേതാവ്!

ഡയറക്ടർ പറയുന്നതു് അനുസരിക്കാൻ തയ്യാറല്ലാത്ത ഈ നടൻ അഭിനയിച്ച ഭാഗങ്ങളെല്ലാം പത്തോ പന്ത്രണ്ടോ തവണ ആവർത്തിച്ച് ഫിലിമിൽ പകർത്തേണ്ടിവന്നിട്ടുണ്ട്. 'എനിക്ക് റോൾ തന്നതു് അവരല്ലേ? പത്തല്ല, ഇരുപതു പ്രാവശ്യം വീണ്ടും വീണ്ടും പടം പിടിച്ചോട്ടെ. എനിക്കെന്താ?' എന്നാണ് രാജനാരായണന്റെ പ്രതികരണം.

രാജനാരായണന്റെ മാതൃക പിൻതുടർന്നും മൊറാർജി ദേശായി, ചരൺസിംഹ്, പ്രണബ് മുഖർജി, ബഹുഗുണ, ഗുണ്ടുറാവു, ഫർണാണ്ടിസ്, സുബ്രഹ്മണ്യം സ്വാമി തുടങ്ങിയ മററു ചില നേതാക്കൾകൂടി സിനിമയിൽ അഭിനയിക്കാൻ തുടങ്ങിയാൽ, എന്തായിരിക്കും ഇന്ത്യൻ സിനിമയുടെ ചേല്!

(5 ഒക്ടോബർ, 1986)

# 67. അംബാസഡർ കുഷ്ഠരോഗ ശുശ്രൂഷയ്ക്ക്

അടിയന്തരമായി പരിഹാരം കാണേണ്ട പല ദേശീയപ്രശ്നങ്ങളും ഇന്ത്യയിലുണ്ട്. ഇവയിലൊന്നാണ് കുഷ്ഠരോഗം. ലോകത്തിലെ കുഷ്ഠരോഗികളിൽ പകുതിയിലേറെ നമ്മുടെ ഈ മഹാരാജ്യത്തിലെ പൗരന്മാരാണെന്നു കരുതപ്പെടുന്നു.

കുഷ്ഠരോഗം ചികിത്സിച്ചു മാററാവുന്നതാണ്. ആരംഭത്തിൽ കണ്ടു പിടിക്കുകയും തുടർച്ചയായി ഏറെക്കാലം ചികിത്സിക്കുകയും വേണമെന്നേ ഉള്ളു. പരിശ്രമിച്ചാൽ, വസൂരിയെപ്പോലെ കുഷ്ഠരോഗത്തെയും എന്നെന്നേക്കുമായി മനുഷ്യവർഗത്തിൽനിന്നു നിർമാർജനംചെയ്യാം.

പക്ഷേ, ഒരു ശാരീരികരോഗമെന്നതിലേറെ, സാമൂഹ്യമായ ഒരപമാനമായിട്ടാണ് കുഷ്ഠരോഗം ഇന്നും കരുതപ്പെടുന്നതു്. അതിനാൽ,

തങ്ങറം കുഷ്ഠരോഗികളാണെന്ന വിവരം പുറത്തറിയിക്കാൻ രോഗികറം ഇഷ്ടപ്പെടുന്നില്ല. വീട്ടിൽ ഒരു കുഷ്ഠരോഗികൂടി ഉണ്ടെന്ന വസ്തുത മിക്ക ആളുകളും മറച്ചുവെക്കുന്നു. ഫലമോ? രോഗിക്കു ചികിത്സ ലഭിക്കാതെ പോവുന്നു; രോഗം മററുള്ളവരിലേക്കു പകരുകയുംചെയ്യുന്നു.

രോഗിയെ വീട്ടിൽ പാർപ്പിച്ചു ചികിത്സിപ്പിക്കാൻ ആരും ഇഷ്ടപ്പെടുന്നില്ല. ഒരാറം കുഷ്ഠരോഗിയെന്നു് അറിഞ്ഞുകഴിഞ്ഞാൽ ഉടനേ, അയാളെ ഏതെങ്കിലും കുഷ്ഠരോഗാസ്പത്രിയിൽ ചേർത്തു തങ്ങളുടെ ഭാരം എന്നെന്നേക്കുമായി കൈയൊഴിക്കാനാണു് എല്ലാവർക്കും ധൃതി. അമ്മ, അച്ഛൻ, മകൻ, മകറം, സഹോദരൻ, സഹോദരി, ഭർത്താവു്, ഭാര്യ തുടങ്ങിയ മനുഷ്യബന്ധങ്ങളൊന്നും കുഷ്ഠരോഗിയെ വീട്ടിൽനിന്നു് ആട്ടിയകററുന്നതിനു പ്രതിബന്ധങ്ങളല്ല.

ചികിത്സകൊണ്ടു രോഗപ്പകർച്ച തടയപ്പെട്ട ശേഷവും, മുൻരോഗിയെ തിരികെ വീട്ടിൽ സ്വീകരിക്കുവാൻ കുടുംബാംഗങ്ങറക്കു ഭയമോ അറപ്പോ ആണു്. അതിനാൽ, രോഗം മാറിയശേഷവും കുഷ്ഠരോഗികറം നിവൃത്തിയുണ്ടെങ്കിൽ, കുഷ്ഠരോഗാസ്പത്രികളിൽത്തന്നെ പാക്കുന്നു. ഇതുമൂലം ആസ്പത്രികളിലെ പരിമിതങ്ങളായ സേവനസൗകര്യങ്ങറം, അവ യഥാർത്ഥത്തിൽ ലഭിക്കേണ്ട പുതിയ രോഗികറക്കു കിട്ടാതെപോകുന്നു. മുൻരോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനങ്ങറം തുലോം കുറവാണു്—ഇല്ലെന്നുതന്നെ പറയാം. അവർക്കു പാർപ്പിടസൗകര്യം, തൊഴിൽസൗകര്യം, ജീവിക്കാൻവേണ്ട വരുമാനം, ശുശ്രൂഷ—ഇതൊക്കെ ആർ നൽകാനാണു്?

കുഷ്ഠരോഗം ഇന്ത്യയുടെ ഒരു ദേശീയപ്രശ്നമാണെന്നു് മഹാത്മാഗാന്ധി അംഗീകരിച്ചിരുന്നു. സേവാഗ്രാമത്തിൽ തൻെറ ആശ്രമത്തിൽ ഒരു കുഷ്ഠരോഗിയെ അദ്ദേഹം പാർപ്പിച്ചിരുന്നു. ജോലിത്തിരക്കിനിടയിലും, ദിവസേന ഈ രോഗിയെ സന്ദർശിക്കാനും, അദ്ദേഹത്തിൻെറ മുറിവുകറം കഴുകി വൃത്തിയാക്കി മരുന്നു വെച്ചുകെട്ടാനും ഗാന്ധിജി സമയം കണ്ടിരുന്നു. കുഷ്ഠരോഗികളെ ശുശ്രൂഷിക്കാൻ ഗാന്ധിജി സ്ഥാപിച്ച സ്വയം സേവക സംഘടനയാണു് ഹിന്ദു് കുഷ്ഠനിവാരണ സംഘ്. ബാബാ ആംതേയേപ്പോലുള്ള ചിലർ ഗാന്ധിജിയുടെ ഈ മാതൃക ഇപ്പോഴും പിന്തുടർന്നുവരുന്നുണ്ടു്.

പക്ഷേ, പ്രശ്നം വിപുലം; സേവകർ വിരളം. എത്ര പേർ ഈ രംഗത്തേക്കു വന്നാലും അധികമാവില്ല.

സ്വിററ്സർലൻഡിൽ പടിഞ്ഞാറേ ജർമ്മനിയുടെ അംബാസഡർ ആയിരുന്ന ഗെർഹാർഡ് ഫിഷർ തൻെറ വിശ്രമജീവിതം ഇന്ത്യയിൽ കുഷ്ഠരോഗനിവാരണത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണു് എന്ന വസ്തുത ഓരോ ഭാരതീയനും മനസ്സിലാക്കുന്നതു നന്നു്. ഒരു വർഷം മുമ്പാണു് മിസ്റ്റർ ഫിഷർ ജോലിയിൽനിന്നു വിരമിച്ചതു്. ഇപ്പോറം അദ്ദേഹം തമിഴ്നാട്ടിൽ, മദ്രാസിനടുത്തു് 'സെത്തിപ്പട്ടി' എന്ന സ്ഥലത്തു് ഇരുപത്തഞ്ചു വർഷങ്ങളായി ഒരു കുഷ്ഠരോഗാസ്പത്രി നടത്തിവരുന്ന ഡോക്ടർ എലിസബത്ത് ഫോംസ്റ്റെൻ എന്ന വനിതയെ സഹായിച്ചുവരികയാണു്. ജർമ്മൻകാരിയായ ഈ ഡോക്ടറുമായി മിസ്റ്റർ ഫിഷർക്കു് മുമ്പേ പരിചയം ഉണ്ടായിരുന്നു. 1960 മുതൽ 1964 വരെ മദ്രാസ്സിലെ ജർമ്മൻ കോൺസുലേററിൻെറ തലവനായിരുന്നു മിസ്റ്റർ ഫിഷർ. 1961—ൽ സെത്തിപ്പട്ടിയിലെ കുഷ്ഠരോഗാസ്പത്രിയുടെ ചുമതല ഡോക്ടർ എലിസബത്ത് ഏറെറടുത്തു. മദ്രാസ്സിൽ പാർത്തിരുന്ന ഫിഷറെ ഈ ജർമ്മൻ വനിതയുടെ സേവനൗത്സുക്യവും കാര്യകുശലതയും വളരെയധികം ആകർഷിച്ചു.

ഒരു ഡോക്ടർ ആവണമെന്നതായിരുന്നു മി. ഫിഷറുടെ ബാല്യകാല

മോഹം. പക്ഷേ, യുദ്ധകാലമായിരുന്നതിനാൽ അദ്ദേഹത്തിനു മെഡിക്കൽകോളേജിൽ ചേരാൻ ഒത്തില്ല. യുദ്ധം കഴിഞ്ഞപ്പോഴും ജർമനിയിലെ മെഡിക്കൽ കോളേജുകളിൽ മി. ഫിഷർക്കു സീററുകിട്ടിയില്ല. അദ്ദേഹം നിയമം പഠിച്ചു. 1952–ൽ പടിഞ്ഞാറേ ജർമ്മനിയിലെ വിദേശകാര്യവകുപ്പിൽ ജോലിക്കു ചേർന്നു. ഹോങ്ങ്കോങ്ങ്, അയർലൻഡ്, ഹോളണ്ട്, എത്തിയോപ്പിയ എന്നീ രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ചു; കൂട്ടത്തിൽ ഇന്ത്യയിലും.

അംബാസഡർ ജോലിയിൽനിന്നു റിട്ടയർചെയ്തപ്പോൾ അദ്ദേഹത്തിന്റെ ബാല്യകാലമോഹം തലപൊക്കി. ഇനി പഠിച്ചു ഡോക്ടർ ആവുക പ്രയാസം. അതിനെന്തു്? ഡോക്ടറേക്കാൾ കൂടുതൽ ശുശ്രൂഷ നഴ്സിനു ചെയ്യാൻ കഴിയില്ലേ? മിസ്റ്റർ ഫിഷർ ഒരു പുരുഷനഴ്സ് ആയി പരിശീലനംനേടി. ഡോക്ടർ എലിസബത്തിനെ സഹായിക്കാൻ അദ്ദേഹം മദ്രാസ്സിലെത്തി.

സെത്തിപ്പട്ടി കുഷ്ഠരോഗാസ്പത്രിയിൽ ഏഴായിരം രോഗികളുണ്ട്. പതിനഞ്ചു് ഔട്ട് പേഷ്യന്റ് സ്റ്റേഷനുകളിലൂടെ ഈ ആസ്പത്രിയുടെ സേവനം ചുററുമുള്ള ഗ്രാമങ്ങളിലെ രോഗികൾക്കു ലഭിക്കുന്നു. അവിവാഹിതയെങ്കിലും ഡോക്ടർ എലിസബത്ത് കന്യാസ്ത്രീയല്ല. ഒരു മതവിഭാഗവും അവർക്കു ധനസഹായം നൽകുന്നില്ല.

സെത്തിപ്പട്ടി ആസ്പത്രിയിൽ ഉടൻ വേണ്ടതു് എന്തെല്ലാമെന്നു് മിസ്റ്റർ ഫിഷർക്കു് അറിയാം. രോഗികൾക്കു ജോലി ചെയ്യാൻ ഒരു ചെരുപ്പു റിപ്പയർക്കട ഉണ്ടാക്കണം. കോഴിവളർത്തലിനുള്ള സംവിധാനങ്ങൾ നിർമ്മിക്കണം. കൃഷിക്കുള്ള ഉപകരണങ്ങൾ ശേഖരിക്കണം. കട്ടികൾക്കുള്ള ഒരു വാർഡ് ഇപ്പോൾത്തന്നെ നിലവിലുണ്ട്; അതു വിപുലമാക്കണം.

അറുപത്തിനാലാം വയസ്സിൽ, സ്വിററ്സർലൻഡിന്റെ തലസ്ഥാനമായ ബേണിൽ ജോലി നോക്കിക്കൊണ്ടിരിക്കേയാണു് മിസ്റ്റർ ഫിഷർ റിട്ടയർചെയ്തതു്. യാത്രയയയ്ക്കാൻ വന്ന സുഹൃത്തുക്കളോടും സഹപ്രവത്തകരോടും, താൻ ഇന്ത്യയിൽ ഒരു കുഷ്ഠരോഗാസ്പത്രിയിൽ നഴ്സ് ആയി പോവുകയാണെന്നു് ഈ അംബാസഡർ പറഞ്ഞു. തനിക്കു യാത്രയയപ്പുസൽക്കാരമോ, സമ്മാനങ്ങളോ തരുന്നതിനു പകരം, അതിനെല്ലാം വേണ്ടിവരുന്ന ചെലവു് സെത്തിപ്പട്ടി ആസ്പത്രിക്കു സംഭാവനയായി കൊടുക്കുവാൻ അദ്ദേഹം അവരോടു് അഭ്യർത്ഥിച്ചു. ആസ്പത്രിയിൽ കടിനീർ ലഭ്യമാക്കുവാൻ ഇരുപതിനായിരം സ്വിസ്ഫ്രാങ്ക് ചെലവുവരുമെന്നു് ഫിഷർ സ്വിററ്സർലൻഡിൽ തനിക്കു പരിചയമുള്ള ബിസിനസ്സുകാരെ അറിയിച്ചു.

സ്വന്തം കൈയിൽനിന്നു പണം ചെലവാക്കി ഫിഷർ ഇന്ത്യയിലെത്തി. ഒരു ടൂറിസ്റ്റ് വിസയാണു് അദ്ദേഹത്തിന്റേതു്. മൂന്നു മാസം അദ്ദേഹം സെത്തിപ്പട്ടിയിൽ പാർത്തുനോക്കും. വേനൽ മൂക്കുമ്പോൾ, ജർമനിയിലെ ബവേറിയയിൽ തടാകതീരത്തുള്ള സ്വന്തം വീട്ടിലേക്കു് അദ്ദേഹം തിരിച്ചുപോകും. ഈ കാലത്തു് അദ്ദേഹം യൂറോപ്പിൽ നടന്നു പ്രസംഗിച്ചും മററുവിധത്തിലും സെത്തിപ്പട്ടി ആസ്പത്രിക്കുവേണ്ടി പണം പിരിക്കും. മഴ പെയ്തു ഭൂമി തണുത്താൽ ഉടൻ മിസ്റ്റർ ഫിഷർ മദ്രാസ്സിലേക്കു തിരിച്ചുവരും. സെത്തിപ്പട്ടിയിൽ നഴ്സ് എന്ന നിലയ്ക്കും, മററുവിധത്തിലും ഡോക്ടർ എലിസബത്ത് ഫോംസ്റ്റെനെ അദ്ദേഹം സഹായിക്കും. ആസ്പത്രിവക ലാൻഡ്റോവറിൽ ഡ്രൈവർ ജോലിയും അദ്ദേഹം നോക്കും.

യൂറോപ്പെന്ന സമ്പന്ന ലോകത്തിനും ഇന്ത്യയെന്ന ദരിദ്രലോകത്തി

നം ഇടയ്ക്കു സഞ്ചരിച്ചുകൊണ്ട്, കുറേക്കാലം കൂടി സാർത്ഥകമായി ജീവിച്ചു സേവനം അനുഷ്ഠിക്കാമെന്നു് ഈ അറുപത്തഞ്ചുകാരൻ കരുതുന്നു.

അകലെ, മറുനാട്ടിൽ, ഒരാസ്പത്രിയിൽ, നഴ്സും ഡ്രൈവറും ചില്ലറപ്പണിക്കാരനുമായി സേവനമനുഷ്ഠിക്കാൻ ഇന്ത്യയിലെ സമ്പന്നരായ പെൻഷൻകാരിൽ എത്ര പേർക്കു താല്പര്യം കാണും? എന്തിനു മറുനാട്ടിൽ? സ്വന്തം നാട്ടിൽത്തന്നെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർ എത്രയുണ്ട്?

മിസ്റ്റർ ഗെർഹാർഡ് ഫിഷറുടെ ത്യാഗവും സേവനതല്പരതയും മനുഷ്യസ്നേഹവും കാര്യദക്ഷതയും പ്രകടമാകുന്നതു് അങ്ങനെ ആലോചിക്കുമ്പോഴാണ്.

അംബാസഡർ ഫിഷർ, താങ്കൾക്കു് ഈ ഇന്ത്യാക്കാരൻെറ സാഷ്ടാംഗനമസ്കാരങ്ങൾ!

(8 ജൂൺ, 1986)

# 68. ഏവൺ നദിയിലെ രാജഹംസം

സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തെച്ചൊല്ലി ഉള്ളതിലേറെ അഭിമാനം ഷേക്സ്പിയറെച്ചൊല്ലി തങ്ങൾക്കു് ഉണ്ടെന്നു ബ്രിട്ടീഷുകാർ പ്രസ്താവിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ബ്രിട്ടീഷ്സാമ്രാജ്യത്തിൻെറ സൂര്യൻ അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. ഷേക്സ്പിയറുടെ സ്ഥിതി ഇന്നു് എന്താണ്?

താൻ ചിത്രീകരിച്ച കഥാപാത്രങ്ങളുടെ വൈവിധ്യവും ജീവിതരംഗങ്ങളുടെ വികാരസാന്ദ്രതയും നിമിത്തം മഹാഭാരതകർത്താവായ വ്യാസനോടു് സമസ്കന്ധത പുലർത്തുന്ന ഈ മഹാനാടകകൃത്തിൻെറ സ്മരണ ലോകവ്യാപകമായി ശാശ്വതീകരിക്കുന്നതിനു് ഒരു സംഘടന ഇൻറർനാഷനൽ ഷേക്സ്പിയർ അസോസിയേഷൻ ബ്രിട്ടീഷുകാർ രൂപവല്ക്കരിച്ചതു് 1975—ൽ ആയിരുന്നു. കവി പിറന്ന ഏവൺ നദിക്കരയിലെ സ്റ്റ്രാററ്ഫോർഡ് നഗരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടനയുടെ അദ്ധ്യക്ഷൻ പ്രശസ്ത ബ്രിട്ടീഷ് നാടകനടനായ സർ ജോൺ ഗീൽഗുഡ് ആകുന്നു.

ഇൻറർനാഷനൽ ഷേക്സ്പിയർ അസോസിയേഷൻ അഞ്ചു വർഷത്തിലൊരിക്കൽ ലോകത്തിൻെറ വ്യത്യസ്ത ഭാഗങ്ങളിൽ ഷേക്സ്പിയർ കോൺഗ്രസുകൾ വിളിച്ചുകൂട്ടുന്നുണ്ട്. ഒരാഴ്ച നീണ്ടുനിന്ന മൂന്നാമത്തെ കോൺഗ്രസ് ഈയിടെ പടിഞ്ഞാറെ ബർലിനിൽ ടെക്നിക്കൽ യൂണിവേഴ്സിററിയിൽ സമ്മേളിക്കുകയുണ്ടായി. പ്രസംഗങ്ങൾ, സെമിനാറുകൾ, ഫിലിംപ്രദർശനങ്ങൾ, ബ്രിട്ടനിലെ റോയൽ ഷേക്സ്പിയർ കമ്പനിയുടെ വക ഉടുപ്പുകളുടെ ഒരു പ്രദർശനം, ഷേക്സ്പിയർ നാടകങ്ങൾക്കു ലോകപ്രസിദ്ധരായ ചില സംഗീതജ്ഞർ നൽകിയ സംഗീതശില്പങ്ങളുടെ ആവിഷ്കരണം, ആഫ്രിക്കയിലെ സുലു അടക്കം പല ഭാഷകളിൽ ഷേക്സ്പിയർ നാടകങ്ങൾ അവതരിപ്പിച്ചതിൻെറ ടേപ്പ്റിക്കോർഡിങ്ങുകൾ—അങ്ങനെ 'ഭിന്നരുചേർ ജനസ്യ ബഹുധാപ്യേകം സമാരാധകം' ആയിരുന്നുവത്രെ ഈ കോൺഗ്രസ് സമ്മേളനം. പതിവുപോലെ പല പ്രസംഗങ്ങളും പാണ്ഡിത്യക്കനംമൂലം ശ്രോതാക്കളെ തട്ടിവീഴ്ത്തിക്കടന്നുപോയി. എന്നിട്ടും, 'സമ്മേളനത്തിൽ ഒരു ദന്തഗോപുരാന്തരീക്ഷം ഉണ്ടായിരുന്നില്ല. ഗൗരവമുള്ള അക്കാദമിക് കാര്യ